REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 03-10-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തൃശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് മൂന്നു തലത്തിൽ തുടരന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭ സമ്മേളനം നാളെ ആരംഭിക്കും.**
- **നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി . കോഴിക്കോട്ട് ആഘോഷപരിപാടികൾ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാന സ്പെഷൽ സ്കൂൾ കലോത്സവം കണ്ണൂരിൽ ആരംഭിച്ചു.**
- **വനിതാ ട്വന്റി 20 ലോകകപ്പിന്റെ ഒമ്പതാം പതിപ്പിന് ഷാർജയിൽ ഉച്ച കഴിഞ്ഞ് തുടക്കം. ഉദ്ഘാടന മത്സരത്തിൽ, ബംഗ്ലാദേശ്, സ്കോട്ട്ലൻഡിനെ നേരിടും.**
- **ISL ഫുട്ബോളിൽ വൈകിട്ട് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F.Cയെ നേരിടും.**

## വാർത്തകൾ വിശദമായി

തൃശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് മൂന്നു തലത്തിൽ തുടരന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മന്ത്രിസഭാ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സംസ്ഥാനത്തെ സാമൂഹിക അന്തരീക്ഷം അട്ടിമറിക്കാൻ ശ്രമമാണ് തൃശൂർ പൂരം അലങ്കോലമാക്കിയതിലൂടെ നടന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വ്യക്തമായ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തതാണ് ഇതെന്നും ഗവണ്മെന്റ് ഈ

സംഭവത്തെ ഗൌരവമായി കാണുന്നതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തൃശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട ADGP എം ആർ അജിത് കുമാറിന്റെ റിപ്പോർട്ട് സമഗ്രമല്ലെന്നും അദ്ദേഹം പറഞ്ഞു.കുറേകാര്യങ്ങൾ റിപ്പോർട്ടിലുണ്ടെന്നും എന്നാൽ സമഗ്രമായ റിപ്പോർട്ടായി ഇതിനെ കാണാനാവില്ലെന്നും പിണറായി പറഞ്ഞു.

വയനാട് ദുരന്തത്തിൽ സഹായത്തിനായി വീണ്ടും കേന്ദ്രത്തെ സമീപിയ്ക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മഷിരൂർ ദുരന്തത്തിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുന്റെ കുടുംബത്തിന് 7 ലക്ഷം രൂപ സഹായധനമായി നൽകാനും മന്ത്രിസഭ തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. ദുർഗ്ഗാദേവിയെ വിവിധ ഭാവങ്ങളിൽ ആരാധിക്കുന്ന നാളുകളാണ് നവരാത്രി.

ആദ്യ മൂന്ന് ദിവസം ദേവിയെ മഹാകാളിയായും അടുത്ത മൂന്ന് ദിവസം മഹാലക്ഷ്മിയായും അവസാന മൂന്ന് നാൾ മഹാസരസ്വതിയായും സങ്കൽപ്പിച്ച് പൂജ നടത്തും. ഇന്ന് ശൈലപുത്രി സങ്കല്പത്തിലാണ് പൂജ. കേരളത്തിൽ സരസ്വതീ പൂജയ്ക്ക് പ്രാധാന്യം നൽകി ഈ മാസം 13 ന് വിദ്യാരംഭം നടത്തും.

കോഴിക്കോട്ട് നവരാത്രി ആഘോഷപരിപാടികൾ ചാലപ്പുറം കേസരിഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്തു .

✪✪✪

നവരാത്രി ദിനാരംഭത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസ നേർന്നു. ശക്തി വന്ദനയ്ക്ക് സമർപ്പിച്ചിരിക്കുന്ന ഈ വിശുദ്ധ ഉത്സവം എല്ലാവർക്കും ഐശ്വര്യപ്രദമായിരിക്കട്ടെയെന്നും, തന്റെ പ്രാർത്ഥന എല്ലാ രാജ്യക്കാർക്കും വേണ്ടിയാണെന്നും സമൂഹ മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

മുൻ ക്രിക്കറ്റ് താരം മുഹമ്മദ് അസ്ഹറുദ്ദീന് എൻഫോഴ്സ്മെന്റ് വകുപ്പ് നോട്ടീസ് അയച്ചു. ഹൈദരാബാദ് ക്രിക്കറ്റ് അസോസിയേഷനുമായി ബന്ധപ്പെട്ട സാമ്പത്തിക തിരിമറി കേസിലാണ് നോട്ടീസ്.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിന് നാളെ തുടക്കമാകും. ഈ മാസം 18 വരെയാണ് സമ്മേളനം. ഗവണ്മെന്റ് കാര്യങ്ങളും അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങളുമാണ് സഭാ പ്രധാന അജണ്ട.

ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവർക്ക് അനുശോചനമർപ്പിച്ച് നാളെ സഭ പിരിയും.

തൃശൂർ പൂരം അലങ്കോലമാക്കൽ, PV അൻവർ ഉയർത്തിവിട്ട വിവാദങ്ങൾ, ഹേമ കമ്മിറ്റി റിപ്പോർട്ട് തുടങ്ങി വിവിധ വിഷയങ്ങൾ നിയമസഭയിൽ ചൂടേറിയ ചർച്ചയായേക്കും.

✪✪✪

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം വൈകീട്ട് അവസാനിക്കും. 90 അംഗ നിയമസഭയിലേക്ക് ഒറ്റഘട്ടമായി മറ്റന്നാളാണ് വോട്ടെടുപ്പ്.

ചൊവ്വാഴ്ച്ച ജമ്മു കശ്മീരിലെയും, ഹരിയാനയിലെയും വോട്ടെണ്ണും.

പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നുഹ്, മഹേന്ദർഗഡ്, അതേലി, നർനൗൾ നിയമസഭാ മണ്ഡലങ്ങളിൽ പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും,

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് കലയാട്, സഫിദോ നിയമസഭാ മണ്ഡലങ്ങളിൽ പൊതുയോഗങ്ങളിലും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ റോഡ് ഷോയിലും പൊതുറാലിയിലും പങ്കെടുക്കും.

അതേസമയം, ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ എക്സിറ്റ് പോളുകൾ വോട്ടെടുപ്പ് മറ്റന്നാൾ വൈകീട്ട് 6:30 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ നിരോധിച്ചു. നിയമലംഘകർക്ക് തടവും പിഴയും ലഭിക്കും.

✪✪✪

പബ്ലിക്ക് റിലേഷന് സംസ്ഥാനത്ത് സംവിധാനമുള്ളപ്പോൾ എന്തിന് വേണ്ടിയാണ് മുഖ്യമന്ത്രി സ്വകാര്യ PR ഏജൻസിയെ വിളിച്ച് അഭിമുഖം നൽകിയതെന്ന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല ചോദിച്ചു.

BJPക്കായി വിവിധ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ച PR ഏജൻസി തന്നെയാണ് മുഖ്യമന്ത്രിക്കായും പ്രവർത്തിക്കുന്നത്. കൊവിഡിന് ശേഷം പി.ആർ ഏജൻസി മുഖ്യമന്ത്രിയോടൊപ്പമുണ്ട്. അന്ന് നടത്തിയ

വാർത്താ സമ്മേളനങ്ങൾ പി.ആർ ഏജൻസി പറഞ്ഞിട്ടാണ്. നവകേരള സദസും PR പരിപാടിയായിരുന്നുവെങ്കിലും അതു പൊളിഞ്ഞുവെന്നും ചെന്നിത്തല കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു

ADGP എം.ആർ അജിത്ത് കുമാർ, RSS നേതാവ് വത്സൻ തില്ലങ്കേരിയുമായി കൂടിക്കാഴ്ച്ച നടത്തിയത് എന്തിനാണെന്ന് വ്യക്തമാക്കണമെന്ന് ചെന്നിത്തല ആവശ്യപ്പെട്ടു. മുഖ്യമന്ത്രി സംഘപരിവാറിന്റെ സ്വരത്തിലാണ് സംസാരിക്കുന്നത്. മലപ്പുറത്തെ മുഴുവൻ ജനങ്ങളെയും അപമാനിക്കുകയാണ് മുഖ്യമന്ത്രി ചെയ്തതെന്നും അദ്ദേഹം ഈ കാര്യത്തിൽ പരസ്യമായി മാപ്പുപറയണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

പുതിയ പാർട്ടിയുടെ പേര് ഞായറാഴ്ച പ്രഖ്യാപിക്കുമെന്ന് പി. വി. അൻവർ MLA വ്യക്തമാക്കി. പാർട്ടി രൂപീകരണത്തിന് എംഎൽഎ സ്ഥാനം തടസ്സമാകുമെങ്കിൽ രാജി വയ്ക്കുമെന്നും, പുതിയ പാർട്ടിയുടെ നയം ഞായറാഴ്ച ജനങ്ങളുമായി പങ്കു വയ്ക്കുമെന്നും അദ്ദേഹം നിലമ്പൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പിണറായി വിജയൻ മുഖ്യമന്ത്രി പദവി ഒഴിയണം എന്ന് അൻവർ ആവർത്തിച്ചു. കെടി ജലീലിന് സ്വന്തം കാലിൽ നിൽക്കാൻ ശേഷിയില്ല. താൻ ആരുടെയും പിൻതുണ ആവശ്യപ്പെട്ടിട്ടില്ലെന്നും അൻവർ പറഞ്ഞു. മുഖ്യമന്ത്രി ഒരു സമുദായത്തെ കുറ്റക്കാരാക്കുന്നുവെന്നും അദ്ദേഹം ആരോപിച്ചു. ഇന്നും നാളെയുമായി മഞ്ചേരി, വേങ്ങര മണ്ഡലങ്ങളിൽ വിശദീകരണ യോഗം നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും കടുത്ത തൊണ്ടവേദനയെ തുടർന്ന് പരിപാടി മാറ്റിവെച്ചതായി അൻവർ പറഞ്ഞു.

✪✪✪

സംസ്ഥാന സ്പെഷൽ സ്കൂൾ കലോത്സവം കണ്ണൂരിൽ ആരംഭിച്ചു. ഗവൺമെന്റ്,എയ്ഡഡ്,അൺ എയ്ഡഡ് മേഖലകളിലെ വിവിധ സ്കൂളുകളിൽ നിന്നായി 1,600 കുട്ടികൾ പങ്കെടുക്കുന്നുണ്ട് . ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി 9 ഇനങ്ങളിലും, കേൾവി പരിമിതിയുള്ള കുട്ടികൾക്കായി 15 ഇനങ്ങളിലും കാഴ്ചപരിമതിയുള്ള കുട്ടികൾക്കായി 19 ഇനങ്ങളിലും ആണ് മത്സരം. കണ്ണൂർ മുൻസിപ്പൽ സ്കൂൾ, തളാപ്പ് മിക്സഡ് യു.പി സ്കൂൾ എന്നിവിടങ്ങളിലെ 8 വേദികളിലായാണ് മത്സരങ്ങൾ നടക്കുന്നത്.

ശനിയാഴ്ച സമാപിക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F.Cയെ നേരിടും. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ മുംബൈയിൽ, മുംബൈ സിറ്റി FC - ബംഗളൂരു FC മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു.

✪✪✪

ICC വനിതാ ട്വന്റി 20 ലോകകപ്പിന്റെ ഒമ്പതാം പതിപ്പിന് ഷാർജയിൽ ഇന്ന് തുടക്കമാകും. വൈകീട്ട് 3.30ന് ഉദ്ഘാടന മത്സരത്തിൽ, ബംഗ്ലാദേശ്, അരങ്ങേറ്റക്കാരായ സ്കോട്ട്ലൻഡിനെ നേരിടും. വൈകീട്ട് 7.30ന് പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും. നാളെ ന്യൂസിലൻഡിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

ഈ മാസം 20ന് സമാപിക്കുന്ന വനിതാ ട്വന്റി 20 ലോകകപ്പിൽ പത്ത് ടീമുകളാണ് പങ്കെടുക്കുന്നത്. ഞായറാഴ്ചയാണ് ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഇന്ത്യ-പാകിസ്ഥാൻ മത്സരം.

കഴിഞ്ഞ മൂന്ന് തവണ വനിതാ ട്വന്റി - 20 ലോകകപ്പ് കിരീടം നേടിയ നിലവിലെ ചാമ്പ്യൻമാരായ ഓസ്ട്രേലിയ, ഇന്ത്യ, ന്യൂസിലാൻഡ്, പാകിസ്ഥാൻ, ശ്രീലങ്ക എന്നിവർക്കൊപ്പം ഗ്രൂപ്പ് A യിലാണ്.

✪✪✪

നെഹ്റു ട്രോഫി വള്ളംകളിയുടെ ഫൈനലിൽ, ഫിനിഷിങ്ങുമായി ബന്ധപ്പെട്ട പരാതി ഇന്ന് പരിശോധിക്കും. ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്തിൽ വിദഗ്ധ സമിതിയാണ് ഫിനിഷിങ് ദൃശ്യങ്ങൾ പരിശോധിക്കുന്നത്.

✪✪✪

തിരുവനന്തപുരത്ത്, മഹീന്ദ്ര സൂപ്പർ ലീഗ് കേരളയിലെ, തിരുവനന്തപുരം കൊമ്പൻസ് - മലപ്പുറം FC മത്സരം സമനിലയിൽ പിരിഞ്ഞു. ഇരുടീമുകളും ഓരോ ഗോളടിച്ചു.

ലീഗിൽ അഞ്ച് റൗണ്ട് പൂർത്തിയായപ്പോൾ ആറ് പോയന്റോടെ കൊമ്പൻസ് നാലാമതും, അഞ്ച് പോയന്റോടെ മലപ്പുറം അഞ്ചാം സ്ഥാനത്തുമാണ്. ഇന്നും നാളെയും കളിയില്ല. ശനിയാഴ്ച കോഴിക്കോട് EMS സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സ് FC, തൃശൂർ മാജിക് FC യെ നേരിടും.

✪✪✪

ഹിമാചൽപ്രദേശിലെ റോത്തങ് പാസിൽ 1968ൽ നടന്ന സൈനിക വിമാന അപകടത്തിൽ കാണാതായ ഇലന്തൂർ ഭഗവതിക്കുന്ന് ഒടാലിൽ പുത്തൻവീട്ടിൽ തോമസ് ചെറിയാന്റെ ഭൗതികശരീരം ഇന്ന് തിരുവനന്തപുരത്ത് എത്തിക്കും. കരസേന ഏറ്റുവാങ്ങിയ ശേഷം മോർച്ചറിയിൽ സൂക്ഷിക്കുന്ന ഭൗതിക ശരീരം നാളെ രാവിലെ തോമസ് ചെറിയാന്റെ ജന്മനാടായ പത്തനംതിട്ട ഇലന്തൂരിലെത്തിക്കുമെന്ന് ബന്ധുക്കൾക്കു വിവരം ലഭിച്ചു.

ഭവന ശുശ്രൂഷയ്ക്ക ശേഷം ഉച്ചയ്ക്കു രണ്ടിനു ഇലന്തൂർ കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്ത ഡോക്സ് വലിയ പള്ളിയിൽ സൈനിക ബഹുമതികളോടെ സംസ്കാരം നടക്കും. 1968 ഫെബ്രുവരി ഏഴിന് 103 പേരുമായി പോയഇന്ത്യൻ വ്യോമസേനയുടെ വിമാനം ചണ്ഡീഗഡിൽ നിന്ന് ലേയിലേക്ക് പറക്കുന്നതിനിടെ കാണാതാവുകയായിരുന്നു. മരിക്കുമ്പോൾ തോമസ് ചെറിയാന് 22 വയസായിരുന്നു.

✪✪✪

ശുചിത്വ ബോധം വളർത്തിയെടുക്കേണ്ടത് സാമൂഹിക ഉത്തരവാദിത്തമാണെന്നും മാലിന്യസംസ്കരണത്തിലെ അനാരോഗ്യ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറണമെന്നും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ പെരളശ്ശേരി വടക്കുമ്പാട് പിലാഞ്ഞിയിൽ നിർമ്മിച്ച റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഉരുൾപൊട്ടൽ ദുരന്തത്തിനു ശേഷം തകർന്ന വയനാടിന്റെ വിനോദസഞ്ചാരമേഖലയെ തിരിച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് വയനാട് ഉത്സവ് എന്ന പേരിൽ വയനാട് ഫെസ്റ്റിന് തുടക്കമായി. വിവിധ സ്ഥലങ്ങളിലായി നടക്കുന്ന ഫെസ്റ്റ് ഈ മാസം 13 ന് സമാപിക്കും.

✪✪✪

വ്യാജ ചികിത്സകർക്കെതിരെ ഗവൺമെന്റ് കർശന നടപടിയെടുക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകം ആവശ്യപ്പെട്ടു. മലപ്പുറം കോട്ടക്കടവിലുണ്ടായ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് IMA ഈ ആവശ്യം ഉന്നയിച്ചത്. ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുമ്പോൾ അവരുടെ സർട്ടിഫിക്കറ്റുകളും രജിസ്ട്രേഷനും പ്രവൃത്തിപരിചയവും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് ഗവൺമെന്റിന്റെയും മാനേജ്മെന്റുകളുടെയും ഉത്തരവാദിത്വമാണെന്ന് IMA വ്യക്തമാക്കി.

✪✪✪

ബ്രെയിൽ ലിപിയിൽ സാക്ഷരതാ പഠനത്തിന് അവസരമൊരുക്കി സംസ്ഥാന സാക്ഷരതാ മിഷൻ. കാഴ്ച പരിമിതി നേരിടുന്നവർക്കായി നടപ്പാക്കുന്ന പദ്ധതിയിൽ പഠന സാമഗ്രികൾ ഉൾപ്പെടെ സൗജന്യമായി നൽകും.

കാഴ്ച പരിമിതി നേരിടുന്നവരെ കണ്ടെത്തി അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് അധ്യാപക ഫോറവുമായി ചേർന്ന് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്. നാലു മാസമാണ് പാഠ്യ പദ്ധതിയുടെ കാലാവധി. സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കുടുംബശ്രീ, ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതിയുടെ നടത്തിപ്പ്.

സർവേയിലൂടെ കണ്ടെത്തിയ പഠിതാക്കൾക്ക് ബ്രെയിൽ ലിപിയിൽ 160 മണിക്കൂർ ക്ലാസ് നൽകും.

✪✪✪

രണ്ട് സാമൂഹ്യ പെൻഷന് അർഹരായ ഭിന്നശേഷികാർക്ക് അവ പൂർണ്ണമായി നൽകണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ഭിന്നശേഷിക്കാരുടെ വീടുകളിൽ സോളാർ പാനൽ സൗജന്യമായി സ്ഥാപിക്കണമെന്നും പ്രമേയത്തിൽ സമ്മേളനം ആവശ്യപ്പെട്ടു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

✪✪✪